# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

## ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
## ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 4347/11/12/2024/റ്റി വി എം.**

പരാതിക്കാരൻ : റഷീദ് എം, ലുക്ക് മി, ചൂരോട് ലൈൻ,
ആലംകോട് പി ഓ ആറ്റിങ്ങൽ.

എതിർകക്ഷി :

**ഉത്തരവ് തീയതി : 09-10-2024.**

1. പരാതിക്കാരന്റെ അയൽക്കാരനായ ബിജുവും ടിയാന്റെ ഭാര്യ ബിന്ദുവും നിയമവിരുദ്ധമായി കക്കൂസും മാലിന്യ കുഴിയും നിർമ്മിച്ചതിനെതിരെ ആറ്റിങ്ങൽ നഗരസഭയിൽ പരാതിപ്പെട്ടിട്ടും നടപടി ഉണ്ടായില്ലെന്ന് ആരോപിച്ച് കമ്മീഷൻ മുമ്പാകെ നേരത്തെ സമർപ്പിച്ച HRMPNo.912/11/12/2023 എന്ന പരാതിയിൽ ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം, പ്രശ്നപരിഹാരത്തിന് ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന 27..2..2024..ലെ കമ്മീഷൻ ഉത്തരവ് നാളിതുവരെ പാലിച്ചിട്ടില്ലെന്ന് ആരോപിച്ചാണ് പരാതിക്കാരൻ ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

2. KMBR Rule..ന്റെ ലംഘനമുള്ളതിനാൽ നിർമ്മാണം നീക്കം ചെയ്യുന്നതിന് നഗരസഭ കൊടുത്ത താൽക്കാലിക ഉത്തരവിനെതിരെ ബൈജു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള (LSGD) Tribunal മുമ്പാകെ അപ്പീൽ നമ്പർ 707/2022 ഫയൽ ചെയ്ത് സ്റ്റേ ഉത്തരവ് സമ്പാദിച്ചതായും ബൈജു നിർമ്മിച്ചിരിക്കുന്ന കുഴി സെപ്റ്റിക് ടാങ്ക് ആണെങ്കിൽ തനിക്ക് പരാതിയില്ലെന്നും കുഴി തുറന്ന് പരിശോധിക്കുന്നതിനായി തൻറെ സ്വന്തം ചിലവിൽ മൂന്ന് തവണ ആളെ നിർത്തിയെങ്കിലുംബൈജു സഹകരിക്കുന്നില്ലെന്നും പരാതിക്കാരൻ ആരോപിക്കുന്നതായി മുൻ പരാതിയും റിപ്പോർട്ടും ഉത്തരവും പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

3. ഈ HRMP യിൽ (4347/11/12/2024) ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി 22..8..2024 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. പരാതിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സെപ്റ്റിക് ടാങ്ക് തുറന്നു പരിശോധിക്കുന്നതിനായി ബിജുവിന്റെ ഭാര്യ ബിന്ദുവിന് 18..1..2023 ന് PH1/5736/2022 നമ്പറായി നോട്ടീസ് നൽകിയിരുന്നെന്നും ബിന്ദുവിന്റെ ഭർത്താവ് ബിജു പ്രസ്തുത നോട്ടീസിനെതിരെ LSGD Tribunal ൽ 63/2023 നമ്പറായി മറ്റൊരു അപ്പീൽ ഫയൽ ചെയ്തെന്നും അതിൽ പരാതിക്കാരൻ രണ്ടാം പ്രതിയാണെന്നും മേൽപ്പടി അപ്പീൽ വിധിക്ക് വിധേയമായിട്ടെ നഗരസഭ നൽകിയ നോട്ടീസ് പ്രകാരം നടപടിയെടുക്കാൻ സാധിക്കുമെന്ന് ബിജു മറുപടി

നൽകിയിട്ടുണ്ടെന്നും ടി അപ്പീലിന്മേൽ നഗരസഭ ട്രൈബ്യൂണൽ മുമ്പാകെ SOF ഫയൽ ചെയ്തിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറിയുടെ 22..8..2024 തീയതിയിലെ റിപ്പോർട്ടിൽ പറയുന്നു.

4. പരാതിക്കാരൻ ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി നഗരസഭാ സെക്രട്ടറിയുടെ മേൽ റിപ്പോർട്ടിന്മേൽ 9..10..2024 തീയതിയിലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു . ബിന്ദു അപ്പീൽ ഫയൽ ചെയ്തതായി അറിയില്ലെന്നും നഗരസഭയിൽ നിന്നും നീതി ലഭിക്കില്ലെന്നും അതിനാൽ Septic tank തന്നെയാണ് എതിർകക്ഷി നിർമ്മിച്ചിരിക്കുന്നത് എന്ന് കുഴി തുറന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കമ്മീഷനിൽ നിന്നും ഉണ്ടാകണമെന്നും പരാതിക്കാരൻ ബോധിപ്പിച്ചു. സെപ്റ്റിക് ടാങ്ക് തന്നെയാണ് നിർമ്മിച്ചിരിക്കുന്നത് എന്ന് പ്രസ്തുത പരിശോധനയിൽ ബോധ്യപ്പെട്ടാൽ തനിക്ക് ഈ കാര്യത്തിൽ മറ്റു പരാതികൾ ഒന്നുമില്ലെന്നും പരാതിക്കാരൻ അറിയിച്ചു.

5. കമ്മീഷൻ പരാതിയും റിപ്പോർട്ടും പരിശോധിക്കുകയും പരാതിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തു. ഈ വിഷയത്തിൽ ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി കൊടുത്ത നോട്ടീസിനെതിരെ എതിർകക്ഷി LSGD Tribunal ൽ appeal ഫയൽ ചെയ്ത് stay order സമ്പാദിച്ചതായി വെളിവാകുന്നു. ഈ പരാതി സംഗതിയിൽ LSGD Tribunal ൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തൽക്കാലം കമ്മീഷന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മുമ്പിൽ വിചാരണയിലിരിക്കുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റെഗുലേഷൻ 17 (h) പ്രകാരം ഈ കമ്മീഷൻ ഇടപെടുന്നത് ഉചിതമല്ല. ബിന്ദു കൊടുത്ത അപ്പീലും സ്റ്റേയും സംബന്ധിച്ച് അറിവില്ലായെന്ന് പരാതിക്കാരൻ പറയുന്നതിനാൽ പ്രസ്തുത അപ്പീലിന്റെയും സ്റ്റേ ഓർഡറിന്റെയും മറ്റും പകർപ്പുകൾ നഗരസഭ സെക്രട്ടറി പരാതിക്കാരന് നൽകണം.

6. പരാതിക്കാരൻ ആദ്യം stay vacate ചെയ്യുക. തുടർന്ന് നഗരസഭാ സെക്രട്ടറിക്ക് ഈ വിഷയത്തിൽ നിവേദനം കൊടുക്കുക. അപ്രകാരം നിവേദനം ലഭിച്ചാൽ പ്രശ്നപരിഹാരത്തിന് ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി നിയമപരമായ നടപടികൾ സ്വീകരിക്കണം. സ്റ്റേ ഒഴിവാക്കിയ ശേഷം പരാതി കൊടുത്തിട്ടും നഗരസഭാ സെക്രട്ടറി നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ആ കാര്യം ചൂണ്ടിക്കാണിച്ച് ഈ പരാതി re open ചെയ്യുന്നതിന് പരാതിക്കാരന് കമ്മീഷന് ഉപഹർജ്ജി നൽകാവുന്നതാണ്. ഈ വിഷയം LSGD Tribunal ൽ നിലനിൽക്കുന്നതിനാൽ കമ്മീഷനിൽ നിന്നും മറ്റ് നടപടികൾ ഇപ്പോൾ ആവശ്യമില്ല. അതിനാൽ ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. പരാതിക്കാരനും ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j